പതിനാലാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4266      13.12. 2018 ൽ മറുപടിക്ക്

# എനർജി ഓഡിറ്റ്

ചോദ്യം

ശ്രീ. വി.കെ.ഇബ്രാഹിം കുഞ്ഞ്

ഉത്തരം

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) എനർജി മാനേജ്മെന്റ് സെന്ററിലെ എനർജി ഓഡിറ്റ് വിഭാഗത്തിന്റെ പ്രവർത്തനം എന്തൊക്കെയാണെന്ന് വ്യക്തമാക്കമോ; | (എ) എനർജി മാനേജ്മെന്റ് സെന്ററിലെ എനർജി ഓഡിറ്റ് വിഭാഗം താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് നടത്തി വരുന്നത്.<br><br>ഊർജ്ജ സംരക്ഷണ നിയമം 2001 (സെക്ഷൻ 15 ഡി) നടപ്പിലാക്കുന്നതിനുവേണ്ടി കേരള സർക്കാർ ചുമതലപ്പെടുത്തിയ നിയുക്ത ഏജൻസിയാണ് എനർജി മാനേജ്മെന്റ് സെന്റർ. ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേരളത്തിലെ 9 വ്യവസായ സ്ഥാപനങ്ങളെ നിയുക്ത ഊർജ്ജ ഉപഭോക്താക്കളായി (Designated Consumers) പ്രഖ്യാപിച്ചിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിർബന്ധിത ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസി അക്രഡിറ്റഡ് എനർജി ഓഡിറ്റേഴ്സിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത്തരം ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിക്കും എനർജി മാനേജ്മെന്റ് സെന്ററിനുമാണ് സമർപ്പിക്കേണ്ടത്.<br><br>ഊർജ്ജസംരക്ഷണ നിയമം 2001-ലെ സെക്ഷൻ 18 പ്രകാരം കേരളത്തിലെ നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ ഒഴികെയുള്ള എല്ലാ വൻകിട വ്യവസായ വാണിജ്യ ഊർജ്ജ ഉപഭോക്താക്കൾക്കും ഊർജ്ജ ഓഡിറ്റ് നിർബന്ധമാക്കി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. മൂന്നു വർഷത്തിൽ ഒരിക്കൽ ഊർജ്ജ ഓഡിറ്റ് നടത്തേണ്ടതാണ്. ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ ഇ.എം.സി എംപാനൽ ചെയ്ത് വെബ് സൈറ്റിൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേന്ദ്ര സർക്കാർ വേർതിരിച്ച നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ (ഡെസിഗ്നേറ്റഡ് കൺസ്യൂമേഴ്സ്) ഒഴികെയുള്ള കേരളത്തിലെ എല്ലാ വൻകിട ഊർജ്ജം ഉപയോഗിക്കുന്ന സ്ഥാപനങ്ങളിൽ ഓഡിറ്റ് നടത്താൻ അധികാരപ്പെടുത്തിയിട്ടുണ്ട്. ഇത്തരം റിപ്പോർട്ടുകൾ പരിശോധിച്ച് വിവരം നൽകുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്. |

| | |
|---|---|
| | കേരളത്തിലെ സർക്കാർ പൊതുമേഖലാ സ്ഥാപനങ്ങൾ/ സർക്കാർ കെട്ടിടങ്ങൾ/ സഹകരണ സ്ഥാപനങ്ങൾ/കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ എന്നിവയിൽപ്പെടുന്ന HT/EHT ഉപഭോക്താക്കൾക്ക് ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനായി 50% സബ്സിഡി പരമാവധി 50000 രൂപവരെ നൽകിവരുന്നുണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന എനർജി ഓഡിറ്റ് ഏജൻസികളാണ് വിവിധ സർക്കാർ/ സ്വകാര്യ സ്ഥാപനങ്ങളിൽ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകൾ പരിശോധിക്കുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്.<br>1. Kerala State Productivity Council, Kochi,<br>2. Ottotractions, Thiruvananthapuram,<br>3. Siri Exergy & Carbon Advisory Pvt. Ltd. Hyderabad,<br>4. Athul Energy Consultants Pvt. Ltd, Thrissur, 5. KSEBL ESCOT, Thiruvananthapuram<br>ചെറുകിട ഊർജ്ജ ഉപഭോക്താക്കളിൽ ഊർജ്ജസംരക്ഷണം പ്രോത്സാഹിപ്പിക്കുവാൻ സൗജന്യമായി പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തിവരുന്നുണ്ട്. ഒരു ചെറുകിട ഊർജ്ജ ഉപഭോക്താവിന് പരമാവധി 10,000 രൂപയാണ് ഇ.എം.സി യുടെ തനത് ഫണ്ടിൽ നിന്നും നൽകുന്നത്. 2017-18സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന എനർജി ഓഡിറ്റ് ഏജൻസികൾ പ്രാഥമിക ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടുകളുടെ മൂല്യനിർണ്ണയം നടത്തുന്നത് എനർജി ഓഡിറ്റ് വിഭാഗമാണ്.<br>1. Kerala State Productivity Council, Kochi,<br>2. Ottotractions, Thiruvananthapuram,<br>3. Athul Energy Consultants Pvt. Ltd., Thrissur<br>4. Petroleum Conservation & Research Association, Chennai . |
| (ബി)എനർജി ഓഡിറ്റ് നടത്തുന്നത് മറ്റേതെങ്കിലും ഏജൻസികൾ വഴിയാണോ;എങ്കിൽ എന്തുകൊണ്ട്; | (ബി) ഊർജ്ജ സംരക്ഷണ നിയമം 2001 നടപ്പിലാക്കുന്ന നിയുക്ത ഏജൻസി ആയതിനാൽ ഇ.എം.സി നേരിട്ട് ഊർജ്ജ ഓഡിറ്റ് നടത്തുന്നില്ല. സർക്കാർ ഉത്തരവ് പ്രകാരം, ഊർജ്ജ ഓഡിറ്റ് നടത്തുന്നതിനുവേണ്ടി 43 ഊർജ്ജ ഓഡിറ്റ് സ്ഥാപനങ്ങളെ ഇ.എം.സി എംപാനൽ ചെയ്ത് വെബ് സൈറ്റിൽ പട്ടിക പ്രസിദ്ധീകരിച്ചിട്ടുണ്ട്. അവരുടെ സാങ്കേതിക കഴിവ് ടെക്നിക്കൽ കമ്മിറ്റി പരിശോധിച്ചതിന് ശേഷമാണ് എംപാനൽ ചെയ്യുന്നത്. ഈ കമ്മിറ്റിയിൽ നാഷണൽ പ്രൊഡക്ടിവിറ്റി കൗൺസിൽ ഡയറക്ടർ, ഇ.എം.സി ഉദ്യോഗസ്ഥർ എന്നിവർ അടങ്ങുന്നുണ്ട്. എംപാനൽ ചെയ്ത എനർജി ഓഡിറ്റ് സ്ഥാപനങ്ങൾക്ക് ഊർജ്ജസംരക്ഷണ നിയമം 2001 പ്രകാരം കേന്ദ്ര സർക്കാർ വേർതിരിച്ച നിയുക്ത ഊർജ്ജ ഉപഭോക്താക്കൾ (Designated Consumers) ഒഴികെയുള്ള കേരളത്തിലെ എല്ലാ വൻകിട ഊർജ്ജ ഉപഭോക്താക്കൾക്ക് വേണ്ടി ഓഡിറ്റ് നടത്താൻ |

| | |
|---|---|
| | അധികാരപ്പെടുത്തിയിട്ടുണ്ട്.<br><br>ഈ ഏജൻസികൾ ഊർജ്ജ ഓഡിറ്റ് നടത്തി റിപ്പോർട്ടിന്റെ ഒരു പകർപ്പ് അതാതു ഊർജ്ജ ഉപഭോക്താക്കൾ ഇ.എം.സി യിൽ സമർപ്പിക്കേണ്ടതാണ്. ഇങ്ങനെ ലഭിക്കുന്ന ഊർജ്ജ ഓഡിറ്റ് റിപ്പോർട്ടുകൾ വിദഗ്ധ സമിതിയുടെ മേൽനോട്ടത്തിൽ ഊർജ്ജ ഓഡിറ്റ് സ്ഥാപനത്തിലെയും, ഊർജ്ജ ഉപഭോക്തസ്ഥാപനത്തിലെയും പ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ പരിശോധിച്ച് നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ടാണ് അന്തിമ റിപ്പോർട്ട് തയ്യാറാക്കപ്പെടുന്നത്. |
| (സി) കഴിഞ്ഞ സാമ്പത്തികവർഷം മറ്റ് ഏതെങ്കിലും ഏജൻസികൾ വഴി എനർജി ഓഡിറ്റ് നടപ്പിലാക്കിയിരുന്നോ;വിശദമാക്കാമോ; | (സി) 2017-18 സാമ്പത്തിക വർഷത്തിൽ എനർജി മാനേജ്മെന്റ് സെന്റർ നേരിട്ട് ടെണ്ടർ/ക്വട്ടേഷൻ മുഖേന എനർജി ഓഡിറ്റ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ള ഏജൻസികൾ താഴെപ്പറയുന്നവയാണ്.<br>1. ESCOT, KSEBL, Thiruvananthapuram<br>2. BSNL, Thiruvananthapuram<br>3. Kerala State Productivity Council, Kochi,<br>4. Ottotractions, Thiruvananthapuram<br><br>2017-18 സാമ്പത്തിക വർഷത്തിൽ താഴെപ്പറയുന്ന ഊർജ്ജ ഓഡിറ്റ് ഏജൻസികൾ ഊർജ്ജ ഉപഭോക്ത സ്ഥാപനങ്ങളിൽ നിന്ന് നേരിട്ട് ടെണ്ടർ/ക്വട്ടേഷൻ മുഖേന ഊർജ്ജ ഓഡിറ്റ് നടത്തുകയും റിപ്പോർട്ട് ഇ.എം.സി യിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.<br><br>1. Kerala State Productivity Council, Kochi,<br>2. Ottotractions, Thiruvananthapuram,<br>3. Siri Exergy & Carbon Advisory Pvt. Ltd. Hyderabad<br>4. Athul Energy Consultants Pvt. Ltd, Thrissur,<br>5. BSNL, Thiruvananthapuram,<br>6. Petroleum Conservation & Reserach Association, Chennai |
| (ഡി) ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എനർജി ഓഡിറ്റ് സ്വകാര്യ ഏജൻസികൾക്ക് നൽകിയതിലൂടെ കഴിഞ്ഞ അഞ്ചു വർഷം ഇ.എം.സിക്ക് എന്തു തുക ലഭിച്ചു; അതിൽ സർക്കാർ അടച്ച തുക എത്രയാണ്; | (ഡി) ഇ.എം.സി ചെറുകിട ജലവൈദ്യുത പദ്ധതികളുടെ എനർജി ഓഡിറ്റ് നടത്തിയിട്ടില്ല. |

| | |
|---|---|
| (ഇ) ഇ.എം.സിയിലെ വിവിധ വിഭാഗങ്ങളിലായി ജോലി നോക്കുന്ന ടെക്നിക്കൽ, നോൺ ടെക്നിക്കൽ, ഗ്രാജ്വേറ്റ് എൻജിനി-യേഴ്സ് എന്നിവർ എത്ര വീതമെന്ന് അറിയിക്കുമോ; | (ഇ) ഇ.എം.സി യിലെ വിവിധ വിഭാഗങ്ങളിലായി ആകെ 46 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.<br>ടെക്നിക്കൽ - 13<br>നോൺ ടെക്നിക്കൽ - 16<br>പ്രോജക്റ്റ് എഞ്ചിനീയർ - 17<br>-------<br>ആകെ 46 |
| (എഫ്) ഇ.എം.സിയിൽ ജോലിനോക്കിവരുന്ന പെൻഷൻ പറ്റിയവർ എത്ര; അവരുടെ തസ്തികകളും കാലാവധിയും വ്യക്തമാക്കുമോ? | (എഫ്) ഇ.എം.സി യിൽ ജോലി നോക്കി വരുന്ന പെൻഷൻ പറ്റിയവർ 7 പേർ<br>1. കൺസൾട്ടന്റ് - എൽ.ഇ.ഡി ടെസ്റ്റിംഗ് ലാബ് സ്ഥാപിക്കുന്നതിനു വേണ്ടി (കാലാവധി: 26.05.2018 മുതൽ 25.05.2019 വരെ)<br>2. സീനിയർ എനർജി കൺസൾട്ടന്റ് - ബ്യൂറോ ഓഫ് എനർജി എഫിഷ്യൻസിയുമായി ബന്ധപ്പെട്ട പ്രോജക്റ്റുകളുടെ മേൽനോട്ടത്തിന് (കാലാവധി: 03.12.2018 മുതൽ 02.12.2019 വരെ)<br>3. അക്കൗണ്ടന്റ് (കാലാവധി: 09.07.2018 മുതൽ 08.07.2019 വരെ)<br>4. ഇൻസ്ട്രുമെന്റ് മെക്കാനിക്ക് - ടെക്നിക്കൽ ലാബിന്റെ പരിപാലനം (കാലാവധി: 02.03.2018 മുതൽ 01.03.2019 വരെ)<br>5. കൺസൾട്ടന്റ് - എസ്റ്റാബ്ലിഷ്മെന്റ് വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിനുവേണ്ടി. (കാലാവധി: 28.12.2017 മുതൽ 27.12.2018 വരെ).<br>6. ഇന്റേണൽ ആഡിറ്റർ (പ്രതിഫലം വാങ്ങുന്നില്ല. (കാലാവധി 03.02.2018 മുതൽ 02.02.2019 വരെ).<br>7. ഫൈനാൻസ് മാനേജർ (കാലാവധി: 18.04.2018 മുതൽ 17.04.2019 വരെ) |

സെക്ഷൻ ഓഫീസർ